**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1835** **11-10-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നുമുള്ള ദീർഘദൂര ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും നിലവിൽ എത്ര ദീർഘദൂര ബസ്സുകൾ സർവീസ് നടത്തുന്നുണ്ടെന്നും നാളിതുവരെ എത്ര സൂപ്പർ ഫാസ്റ്റ് ബസ്സുകൾ സർവീസ് നടത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നിലവിൽ ഇത്തരം 10 ഫാസ്റ്റ് പാസഞ്ചർ സർവീസുകൾ നടത്തി വരുന്നുണ്ട്. എന്നാൽ സൂപ്പർ ഫാസ്റ്റ് സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നില്ല. |
| (ബി) | പ്രസ്തുത ഡിപ്പോയിൽ നിന്നും പുതിയ സൂപ്പർ ഫാസ്റ്റ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർവീസുകളുടെ റൂട്ട് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ഡിപ്പോയിൽ നിന്നും പുതിയ സൂപ്പർ ഫാസ്റ്റ് സർവീസുകൾ ആരംഭിക്കുന്നതിന് നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ഡിപ്പോയിൽ നിന്നും സർവീസ് നടത്തി വന്നിരുന്ന ചാത്തന്നൂർ-കുമിളി സർവീസ് ഇപ്പോഴും തുടരുന്നുണ്ടോ; പ്രസ്തുത സർവീസിന്റെ റൂട്ട് മാറ്റിയിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | ചാത്തന്നൂർ ഡിപ്പോയിൽ നിന്നും കുമിളി സർവീസ് നിലവിൽ സർവീസ് നടത്തുന്നില്ല. ഒരേ റൂട്ടിൽ സർവീസ് നടത്തുന്ന ബസ്സുകളുടെ ഓവർ ലാപ്പിംഗ് ഒഴിവാക്കുന്നതിനും നഷ്ടത്തിൽ ഓടുന്ന സർവീസുകൾ പുനഃക്രമീകരിച്ച് വരുമാനലഭ്യതയും യാത്രാ സൗകര്യവും മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി നഷ്ടത്തിലുള്ള കുമിളി സർവീസ്, 6.20 - ചാത്തന്നൂർ - കുണ്ടറ - ഭരണിക്കാവ് - അടൂർ - പത്തനംതിട്ട - 8.25, 8.45 - പത്തനംതിട്ട - അടൂർ - കൊട്ടാരക്കര - തിരുവനന്തപുരം - 12.00, 12.55 - തിരുവനന്തപുരം - NH - ആലപ്പുഴ - 17.25, 17.40 - ആലപ്പുഴ - NH - ചാത്തന്നൂർ - 20.40 റൂട്ടിലേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചാണ് നിലവിൽ സർവീസ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ